"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിക്ക് രണ്ട് ലോട്ടറി കട്ടിംഗ് മെഷീനുകൾ (Fully Automatic Programmable single knife cutting machine) വാങ്ങുന്നതിന് പുതുക്കിയ ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.39/2026/PPAD തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:-

1. 21.08.2024 തീയതിയിലെ സ.ഉ.(സാധാ) 91/2024/SPD നമ്പർ ഉത്തരവ്
2. 14.09.2018 തീയതിയിലെ സ.ഉ(സാധാ)നം.1720/2018/HEDN നമ്പർ ഉത്തരവ്
3. 20.08.2025 തീയതിയിലെ 178-ാം ഗവേണിംഗ് ബോഡി മീറ്റിംഗ്
4. കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി മാനേജിംഗ് ഡയറക്ടറുടെ 20/09/2025-ലെ P1-3451/2025/3659 നമ്പർ കത്ത്

**ഉത്തരവ്**

കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിക്ക് (കെ.ബി.പി.എസ്) Fully Automatic Programmable single knife cutting machine വാങ്ങുന്നതിന് 2 കോടി രൂപയുടെ ഭരണാനുമതി പരാമർശം (1) ഉത്തരവ് പ്രകാരം നൽകുകയും പരാമർശം (3) പ്രകാരം പ്രസ്തുത ഇനം വാങ്ങുന്നതിന് റീ ടെന്റർ നടത്തുന്നതിന് നിർദ്ദേശിക്കുകയും ആയതിലേയ്ക്ക് നടത്തിയ റീ ടെന്ററിൽ രണ്ട് സ്ഥാപനങ്ങൾ മാത്രമാണ് പങ്കെടുത്തതെന്നും സാങ്കേതിക യോഗ്യത നേടിയ സ്ഥാപനം രണ്ട് മെഷീനുകൾക്കും കൂടി ഓഫർ ചെയ്തിട്ടുളളത് 2,90,98,800/- രൂപയാണെന്നും ആയതിനാൽ ടി മെഷീൻ വാങ്ങുന്നതിലേയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകണമെന്നും പരാമർശം (4) പ്രകാരം കെ.ബി.പി.എസ് എം.ഡി. അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിക്ക് രണ്ട് Fully Automatic Programmable single knife cutting machine 2,90,98,800/- രൂപയ്ക്ക് (രണ്ട് കോടി തൊണ്ണൂറ് ലക്ഷത്തി തൊണ്ണൂറ്റി എണ്ണായിരത്തി എണ്ണൂറ് രൂപ മാത്രം) വാങ്ങുന്നതിന്, വാങ്ങൽ നടപടികൾക്ക് സ്റ്റോർസ് പർച്ചേസ് മാന്വൽ വ്യവസ്ഥകൾ കർശനമായി പാലിച്ച് പുതിയ ടെണ്ടർ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ് എന്ന നിബന്ധനയോടെ ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ആയതിലേയ്ക്കുള്ള ചെലവ് കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

(3) കേരള ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയുടെ എല്ലാ വാങ്ങൽ നടപടികൾക്കും

സ്റ്റോർസ് പർച്ചേസ് മാന്വൽ വ്യവസ്ഥകളും, സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിരിയ്ക്കണമെന്നുമുള്ള പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന പക്ഷം പർച്ചേസിംഗ് ഓഫീസർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ , കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട് , കൊച്ചി
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II കേരള), തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ, കേരള), തിരുവനന്തപുരം.
4. പൊതുസംഭരണ ഉപദേശകകാര്യ (ബി) വകുപ്പ്
5. ഇൻഫോർമേഷൻസ് & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 11-03-2026 12:02:52
സെക്ഷൻ ഓഫീസർ